# ഇന്ത്യ റുവാണ്ടയിൽ നിന്നും ജനനീതി പഠിക്കുമോ?

**ദയാവർമ്മ** (മൊഴിമാറ്റം : ഫസൽ റഹ്മാൻ)

ഏതാണ്ട് പത്തുവർഷങ്ങൾക്കുമുമ്പ് റുവാണ്ടയിൽ കൊടുവാളേന്തിയ ഹുതുവംശജർ, തങ്ങളുടെ ജനറൽമാരുടെ നിർദ്ദേശങ്ങളനുസരിച്ച് ഏതാണ്ട് പത്തുലക്ഷം നാട്ടുകാരെ (ഒട്ടുമുക്കാലും ടുട്സി വിഭാഗക്കാരെ) നൂറുദിവസക്കാലയളവിലായി കൊന്നൊടുക്കുകയുണ്ടായി. ഹുതുഗവൺമെന്റിനെ ടുട്സികളുടെ നേതൃത്വത്തിലുള്ള സഖ്യം പരാജയപ്പെടുത്തിയപ്പോൾ, വംശഹത്യ അരങ്ങേറിയതിന് ആയിരക്കണക്കിനാളുകൾ അറസ്റ്റു ചെയ്യപ്പെട്ടു. ഒരു ടുട്സി യുവാവിനെ വധിച്ചുവെന്നു കുറ്റമേറ്റുപറയുന്ന ഹുതുവംശജർ ഇസ്മയിൽ മുഹാകമ്പ ഇപ്പോൾ തന്റെ കഴിഞ്ഞ കാലത്തെക്കുറിച്ചു പശ്ചാത്തപിച്ചുകൊണ്ടും, ഓരോരുത്തരോടും തന്റെ പാപത്തിനു മാപ്പിരന്നുകൊണ്ടും വീടുതോറും കയറിയിറങ്ങുന്നു. മുഹാകമ്പയെപ്പോലെ വേറെയും പലരുമുണ്ട്.

ഇന്ദിരാഗാന്ധിയുടെ വധത്തെത്തുടർന്ന് തൊട്ടടുത്ത മൂന്നു ദിവസങ്ങൾക്കുള്ളിൽ ഇന്ത്യയൊട്ടാകെ പതിനായിരത്തോളം സിക്കുകാർ കൊലചെയ്യപ്പെട്ടു. 2000-ൽ മാർച്ച് - ഏപ്രിൽ എന്നീ രണ്ടുമാസങ്ങളിലായി ഗുജറാത്തിൽ രണ്ടായിരത്തോളം മുസ്ലീംകൾ അരുംകൊല ചെയ്യപ്പെടുകയും മുസ്ലിം സ്ത്രീകൾ ബലാൽസംഗം ചെയ്യപ്പെടുകയുമുണ്ടായി. അവരുടെ സ്വത്തുക്കൾ തീയിടുകയും നശിപ്പിക്കുകയും ചെയ്തു. ഇന്ത്യയിൽ കൊല്ലപ്പെട്ടവരുടെയെണ്ണം തീർച്ചയായും റുവാണ്ടയിലേതിനേക്കാൾ കുറവാണ്. എന്നാൽ കുറ്റകൃത്യങ്ങളുടെ രീതികളും പിന്നാമ്പുറ സംരക്ഷണവും ഒരേ തരത്തിൽപ്പെട്ടതാണ്.

ഇൻഡ്യൻ ഭരണാധികാരികൾ റുവാണ്ടക്കാരോളം നിയമം അനുസരിക്കുന്നവരല്ല എന്നത് തീർച്ചയായും ഖേദകരമാണ്. കാരണം ഇരുപതും, രണ്ടും വർഷങ്ങൾക്കുമുമ്പു നടന്ന കുറ്റകൃത്യങ്ങളുടെ പേരിൽ ഇതുവരെയും ആരും ശിക്ഷിക്കപ്പെട്ടിട്ടില്ല. ഈ നീചകൃത്യങ്ങൾക്കുത്തരവാദികളായ കുറ്റവാളികൾ, റുവാണ്ടക്കാരൻ മുഹാകമ്പയെപ്പോലെ നീതിബോധമുള്ളവരാകുമെന്നോ വീടുവീടാന്തരം കയറിയിറങ്ങി മാപ്പിരക്കുമെന്നോ പ്രതീക്ഷിക്കുന്നത് അസ്ഥാനത്താണ്. സംഘപരിവാറിന്റെ ഭാഗമാവുക എന്നാൽ ആ ചെയ്തതിലൊക്കെയും അഭിമാനം കൊള്ളുക എന്നും അതു തന്നെ ഇനിയും ആവർത്തിക്കുക എന്നും തന്നെയാണർത്ഥം.

*(ഇൻസാഫ് ബുള്ളറ്റിൻ-ഏപ്രിൽ-2004)*